# കേരള സർവകലാശാല

നം.പി.ആർ.182/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി പ്രവേശനം 2016-17

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2016-17 അധ്യയനവർഷത്തെ പി.ജി പ്രവേശനത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് അനുവദനീയമായ തിരുത്തലുകൾ വരുത്തുവാൻ ഒക്ടോബർ ഒന്ന് രാവിലെ 11 മണിമുതൽ ഒക്ടോബർ മൂന്ന് വൈകുന്നേരം അഞ്ച് മണിവരെ അവസരമുണ്ടായിരിക്കും. പേര്, ജനന തീയതി, ഓപ്ഷനുകൾ എന്നിവ ഒഴികെയുള്ള തിരുത്തലുകൾ വരുത്താവുന്നതാണ്. നിലവിൽ പ്രവേശനം നേടിയിട്ടുള്ളവർക്ക് തിരുത്തലുകൾ വരുത്തുന്നതിന് നിബന്ധനകൾ ഉണ്ടായിരിക്കും. സർവകലാശാലയിൽ തിരുത്തലിനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ളവരും സ്വമേധയാ തിരുത്തലുകൾ വരുത്തേണ്ടതാണ്.

### എം.എസ്‌സി പ്രാക്ടിക്കൽ/വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ മൂന്ന് മുതൽ 31 വരെ രാവിലെ 9.30 മുതൽ 1.30 വരെ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ വൈവ

കേരള സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേയും കോളേജുകളിലേയും 2015-16 ബാച്ചിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ വിദ്യാർത്ഥികൾക്കുള്ള വൈവ ഒക്ടോബർ 31 (അറബിക്), നവംബർ രണ്ട് (ഇക്കണോമിക്സ്), ഒക്ടോബർ 31 (ഇംഗ്ലീഷ്), ഒക്ടോബർ ഏഴ് (ഹിന്ദി), നവംബർ ഏഴ് (ലിംഗ്വിസ്റ്റിക്സ്), സെപ്റ്റംബർ 20 (മ്യൂസിക്), നവംബർ നാല് (മാനുസ്ക്രിപ്റ്റോളജി), ഒക്ടോബർ 18 (ഫിലോസഫി), നവംബർ 14 (പൊളിറ്റിക്കൽ സയൻസ്), ഒക്ടോബർ 26 (സംസ്കൃതം), ഒക്ടോബർ 14 (സോഷ്യോളജി), നവംബർ നാല് (ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്), നവംബർ ഒന്ന് (അറബിക് - യൂണിവേഴ്സിറ്റി കോളേജ്), ഒക്ടോബർ 17 (ഹിസ്റ്ററി - യൂണിവേഴ്സിറ്റി കോളേജ്), ഒക്ടോബർ 17 (എൻവയോൺമെന്റൽ സ്റ്റഡീസ്), നവംബർ ഏഴ് (മാത്തമാറ്റിക്സ്), ഒക്ടോബർ അഞ്ച് (ആർക്കിയോളജി) തീയതികളിൽ അതത് പഠനകേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ക്ലാസുകൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് ക്ലാസുകൾ ഒക്ടോബർ 15 രാവിലെ 10.30-ന് കുമാരപുരം യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ തുടങ്ങും. താൽപര്യമുള്ളവർ

ഒക്ടോബർ 14-നകം പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എൽ.എൽ.എം (ഒരു വർഷം - 2015-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അനുപമ എസ് പിള്ള (രജി.നം. LAW 150501) ഒന്നാം റാങ്ക് നേടി.

## ലക്ചറർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം സെന്റർ ഫോർ ഇവല്യൂഷണറി ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജിയിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 14 വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ക്വിസ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സയൻസ്/എൻജിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി രസതന്ത്ര 2016 എന്ന ക്വിസും ബഹിരാകാശ വാരാചരണവും ഒക്ടോബർ അഞ്ചിന് കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ നടത്തും. ഫോൺ. 9895989162, 9633272411.

## ക്ലർക്ക്/ടൈപ്പിസ്റ്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം കോസ്റ്റ് ഓഫ് കൾട്ടിവേഷൻ ഓഫ് പ്രിൻസിപ്പൽ ക്രോപ്സ് ഇൻ കേരളയിൽ ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഒക്ടോബർ 15-നകം ലഭിക്കണം. അപേക്ഷഫോറം, യോഗ്യത, പ്രായം, പ്രവൃത്തിപരിചയം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
01.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in